# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

ഗവ. എൽ.പി. സ്കൂൾ, കൊണ്ടാട്
രാമപുരം
കോട്ടയം

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഉന്നത നിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ നിർദ്ദേശിക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായാണ് ഓരോ വിദ്യാലയത്തിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ചരീതിയിൽ മുന്നോട്ടുകൊണ്ടുപോകാനും എല്ലാകുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുമാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിക്കുന്ന പദ്ധതികളെ ഉത്സാഹത്തോടെ ഏറ്റെടുക്കുന്നതിനോടൊപ്പം തനത് പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്തുന്നതിന് സജീവമായ അധ്യാപകരും, PTA, MPTA പൊതുസമൂഹവുമാണ് ഈ സ്കൂളിന്റെ ശക്തി.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്രപുരോഗതിയ്ക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പോടെ സമർപ്പിക്കുന്നു.

ഗവ. എൽ. പി. സ്കൂൾ, കൊണ്ടാട്

കോട്ടയം ജില്ലയിൽ രാമപുരം ഗ്രാമപഞ്ചായത്തിൽ 12-ാം വാർഡിൽ നിലകൊള്ളുന്ന ഈ സ്കൂൾ ഈ സ്കൂളിന്റെ സാമൂഹികവും വിദ്യാഭ്യാസപരവു-മായ ആവശ്യങ്ങളെ മുന്നിൽകണ്ടുകൊണ്ട് 1916-ൽ സ്ഥാപിതമായി. പഠന പാഠ്യേതര രംഗങ്ങളിൽ മികവ് പുലർത്തിക്കൊണ്ട് ഈ നാടിന്റെ അഭിമാനമായി ഈ സ്കൂൾ പ്രശോഭിക്കുന്നു. 2011 മുതൽ ഈ സ്കൂളിൽ പ്രീ-പ്രൈമറി വിഭാഗവും പ്രവർത്തനം തുടങ്ങി. 2025 മാർച്ച് മാസത്തിൽ പ്രീ-പ്രൈമറി സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച വർണ്ണകൂടാരത്തിന്റെ ഉദ്ഘാടനവും നടത്തപ്പെട്ടു.

1 മുതൽ 4 വരെ ക്ലാസുകളിലായി 28 കുട്ടികളും പ്രീപ്രൈമറി ക്ലാസുകളിൽ 10 കുട്ടികളും പഠിക്കുന്നു. രാമപുരം ഉപജില്ലയിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ ഉന്നതനിലവാരം പുലർത്തുന്ന സ്കൂളാണിത്. ഈ സ്കൂളിനെ ഇനിയും മികവുറ്റതാക്കുന്നതിന് മികച്ച ആസൂത്രണവും ക്രിയാത്മക പ്രവർത്തനങ്ങളും അനിവാര്യമാണ്.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ഗവ. എൽ. പി. സ്കൂൾ, കൊണ്ടാട്

മേൽവിലാസം : കൊണ്ടാട് P.O
രാമപുരം
കോട്ടയം

സ്കൂൾ കോഡ് : 31207

വിദ്യാഭ്യാസ ഉപജില്ല : രാമപുരം

വിദ്യാഭ്യാസ ജില്ല : പാല

റവന്യൂ ജില്ല : കോട്ടയം

ബി. ആർ. സി. : രാമപുരം

സി. ആർ. സി. : രാമപുരം

ഗ്രാമപഞ്ചായത്ത് : രാമപുരം

ബ്ലോക്ക് പഞ്ചായത്ത് : ഉഴവൂർ

ജില്ല പഞ്ചായത്ത് : കോട്ടയം

താലൂക്ക് : മീനച്ചിൽ

വില്ലേജ് : രാമപുരം

ഇ-മെയിൽ വിലാസം : glpskondadurpm@gmail.com

സ്കൂൾ വിക്കി : ഗവ. എൽ പി എസ് കൊണ്ടാട്

പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ പഠിക്കുന്ന എല്ലാകുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക
3. എല്ലാവരും മികവുള്ളവരാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതിക വിദ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും.
6. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും Class PTA, വ്യക്തിഗത കൂടിക്കാഴ്ച എന്നിവയിലൂടെ രക്ഷിതാക്കൾക്കു നൽകും.
7. പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായ വർക്ക് ഷീറ്റുകൾ ലഭ്യമാക്കും.
8. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
9. ആശയവിനിമയശേഷി വർദ്ധിപ്പിക്കാൻ സഹായകമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

10. ജൈവവൈവിധ്യങ്ങളുടെ നേർസാക്ഷ്യമായി വിദ്യാലയത്തെ മാറ്റുക.

11. മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

12. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം, നക്ഷത്രവനം, ശലഭോദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

13. വിദ്യാലയം ഹൈടെക് ആക്കിമാറ്റുക.

14. പോക്സോ സംബന്ധമായ ബോധവൽക്കരണം.

15. രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപകർ
- ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ പ്രീ-പ്രൈമറി
- എല്ലാവരും മികവുള്ളവരാണ് പഠിതാ കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാകുന്നു.
- കലാ പഠനം, പ്രവൃത്തിപരിചയം കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
- പഠനത്തിൽ പിന്നാക്കാവസ്ഥയുള്ള കുട്ടികൾക്ക് രക്ഷിതാക്കളുടെ പിന്തുണയോടെ പ്രത്യേക പിന്തുണാ പ്രവർത്തനങ്ങൾ
- ആധുനിക സജ്ജീകരണങ്ങളോടു കൂടിയ smart classrooms.
- പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്ക് വ്യക്തിഗത സപ്പോർട്ട്.
- സർഗ്ഗാത്മക വേദികൾ, ആശയ പ്രകാശന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം
- പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു
- കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രയോജനം ചെയ്യുന്നു

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല
- ICT പഠനത്തിനായി പ്രത്യേക ലാബ് സൗകര്യമില്ല
- വായനയ്ക്ക് പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും വായനാശീലത്തിലേക്ക് കുട്ടികളെ എത്തിക്കാനായിട്ടില്ല.
- IT അറിവിന്റെ പഠനം പൂർണ്ണമായ നിലയിൽ കുട്ടികൾ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.
- കുട്ടികളുടെ പഠനപിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതാണ്. 20% കുട്ടികളെങ്കിലും പിന്നാക്കമാണ്.
- പൊതുവിജ്ഞാന സമ്പാദനം മെച്ചപ്പെടേണ്ടതുണ്ട്.
- ചില വീടുകളിൽ ലാപ്ടോപ്പുകൾ ഉപയോഗിക്കുന്നതിനു ഇന്റർനെറ്റ് കണക്ഷന്റെ കവറേജ് കുറവുണ്ട്. അത് IT അറിവിന്റെ പഠനത്തെ ബാധിക്കുന്നു.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാം കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ഇഷ്ടങ്ങൾക്ക് അനുയോജ്യമാകുന്ന തരത്തിലൂടെ ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാകുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക
3. സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക
6. ക്ലാസ്സ്‌തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസര പഠനം

1. ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം, എന്നിവ വികസിപ്പിക്കുക
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുതകുന്ന അനുഭവം ഒരുക്കുക
3. ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക
5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
4. ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3. ഓരോ ക്ലാസിലെയും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക
4. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക
5. ഗണിത ചിന്ത, യുക്തിചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തിയെടുക്കുക.

## ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
2. പാഠ്യവസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും പ്രയോജനകരമായ ഉൽപന്നങ്ങളും ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക
3. ഇതര വിഷയങ്ങളുടെ പഠനവുമായി പ്രവൃത്തി പരിചയത്തെ ബന്ധിപ്പിക്കുക.

## കലാ പരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാഭിരുചി വളർത്തുക
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കി കൊടുക്കുക
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഉയർന്ന ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക
2. എല്ലാ കുട്ടികളുടെയും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യശീലങ്ങൾ വളർത്തുക
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാകുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം - 1
പേര്: പുസ്തകം എന്റെ ചങ്ങാതി
ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദീകരണം |
| --- | --- | --- | --- | --- |
| കുട്ടികളിൽ നന്മ [illegible] വളർത്തുക | ലൈബ്രറിയിലെ പുസ്തകങ്ങൾ കുട്ടികൾക്കായി പരിചയപ്പെടുത്തുന്നു ലഘുവിവരണവും പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | സ്വപ്ന ടീച്ചർ | |

പ്രവർത്തനം - 2
പേര്: എന്റെ പിറന്നാൾ പുസ്തകം
ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദീകരണം |
| --- | --- | --- | --- | --- |
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പദ്ധതിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം:- 3
പേര്: അക്ഷരക്കൂട്ടം
ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദീകരണം |
| --- | --- | --- | --- | --- |
| മികച്ച വായനാശീലം വളർത്തുക. | ഒഴിവുസമയങ്ങളിൽ ഒരുപാട് വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാ കോർണറുകൾ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |
| [illegible] | ക്ലാസ്സ് പ്രതിഭകൾക്ക് ഉന്നത സാഹിത്യ പാരമ്പര്യം പരിചയപ്പെടുത്തുന്നു. | | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 4

11 പേര് - ക്ലാസ്തല പതിപ്പുകൾ

ഉപമേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയ വിശേഷങ്ങൾ, ക്ലാസ്തല വിവരങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ്തല പതിപ്പുകൾ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 5

പേര് - എന്റെ വായനാ കുറിപ്പുകൾ

ഉപമേഖല - ലേഖനം

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളുടെ കുറിപ്പുകളുടെ വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 6

പേര് - കയ്യെഴുത്ത് മാസിക / പ്രിന്റഡ് മാസിക

ഉപമേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ കയ്യെഴുത്ത് മാസികയായോ പ്രിന്റഡ് മാസികയായോ പ്രസിദ്ധീകരിക്കൽ | മാർച്ച് | റീന P പോൾ | 8000 [illegible] |

പ്രവർത്തനം - 7

പേര് - രചനോത്സവം

ഉപമേഖല - ലേഖനം

| | | | | |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റി എഴുതൽ | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം — 8
പേര് — പാട്ടരങ്ങ്
ഉപമേഖല — ഭാഷാ സമൃദ്ധി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാ ജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം നടത്തുന്നു. രാഗ-താളത്തോടുകൂടി അനുയോജിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

പ്രവർത്തനം — 9
പേര് — നാട്ടുവിശേഷം കൂട്ടെഴുത്ത്.
ഉപമേഖല — ലേഖനാവിഷ്കാരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്ത് നൈപുണ്യം, സർഗ്ഗചിന്താശേഷി, ശേഖരിച്ച വിവരങ്ങളെ [illegible] എന്നിവ വികസിപ്പിക്കുക | കുട്ടികളുടെ നാട്ടുപരിചയത്തെ അടിസ്ഥാനമാക്കി കൂട്ടായി ഒരു ലേഖനം തയ്യാറാക്കുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവയ്ക്കുവാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | PTA ലൈബ്രറിയൻ | |

പ്രവർത്തനം — 10
പേര് — റീഡേഴ്സ് തിയേറ്റർ
ഉപമേഖല — വായന വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാ താല്പര്യവും അഭിനയവും വഴി വ്യക്തിത്വ വികസനമാണ് പ്രധാന ലക്ഷ്യം | കുട്ടികൾക്ക് അഭിനയത്തോടെ വായിക്കുവാൻ പരിശീലനം നൽകുന്നു. കഥാപാത്രങ്ങൾ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ശ്രദ്ധിച്ച് അഭിനയം. വായനയുടെ അവതരണം നടത്തുന്നു. | ആവശ്യ സന്ദർഭങ്ങളിൽ | ക്ലാസ് ടീച്ചർ | |

# ഇംഗ്ലീഷ്

പ്രവർത്തനം – 1
പേര് – ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല – പ്രകാശന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം ക്ലാസ് തലത്തിൽ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒന്ന് | Class Teacher | |

പ്രവർത്തനം – 2
പേര് – ഇംഗ്ലീഷ് ഡയറി (3,4 ക്ലാസുകളിൽ)
ഉപമേഖല – ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്താൻ | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | എല്ലാ ദിവസവും | Class Teacher | |

പ്രവർത്തനം – 3
പേര് – Reading card Work shop
ഉപമേഖല – വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂൺ സെപ്തംബർ ഡിസംബർ | Class Tr | |

പ്രവർത്തനം – 4
പേര് – Work sheet work shop
ഉപമേഖല – അധ്യാപക ശാക്തീകരണം

| | | | | |
|---|---|---|---|---|
| മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപക കൂട്ടായ്മയിൽ | ആഗസ്റ്റ് | SRG | |

# ഗണിതം

പ്രവർത്തനം - 1

പേര് - ഗണിത വർക്ക്ഷീറ്റ് ശില്പശാല

ഉപമേഖല - വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും അർഹരാകുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | |

പ്രവർത്തനം - 2

പേര് - ഗണിതലാബ്

ഉപമേഖല - ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും ഉറപ്പിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടുവാൻ സഹായകമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ | 2025-26 | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 3

പേര് - ഗണിത മൂല

ഉപമേഖല - ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയം മുഴുവൻ കുട്ടികളും അറിഞ്ഞിരിക്കുന്നതിന് | എല്ലാ ക്ലാസുകളിലും ഗണിത മൂല ഒരുക്കൽ (മഞ്ചാടി, കള്ളനോട്ട്, കാർഡുകൾ) | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 4
പേര് - യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല - യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 5
പേര് - ഗണിതം മധുരം
ഉപമേഖല - ഗണിത ക്ലബ്ബ്

| | | | | |
|---|---|---|---|---|
| അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ | ജൂൺ മുതൽ ഡിസംബർ | ക്ലാസ് ടീച്ചർ | |

# പരിസരപഠനം

## പ്രവർത്തനം - 1

പേര് - എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)

ഉപമേഖല - ശാസ്ത്രീയ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠന താല്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാകുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം - 2

പേര് - പരീക്ഷണ കിറ്റ്

ഉപമേഖല - നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയ ശേഷികളുടെ വളർച്ചയ്ക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും (3,4 ക്ലാസ്) ശാസ്ത്രീയ പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന്, പരീക്ഷണ കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 3
പേര് - പരീക്ഷണോത്സവം
ഉപമേഖല - ശാസ്ത്രാന്വേഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശാസ്ത്ര വിഷയങ്ങളോടുള്ള താല്പര്യവും മനശാസ്ത്രപരമായ ഉത്സാഹവും വളർത്തുക | ക്ലാസ് മുറികളിൽ ശാസ്ത്ര പരീക്ഷണങ്ങൾ കാണിച്ചു അർത്ഥമാക്കുന്നതിനു കുട്ടികൾ അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിന്റെ ലക്ഷ്യം. | ടേമിൽ ഒന്ന് | ക്ലാസ് ടീച്ചർ ശാസ്ത്ര ക്ലബ് | 1000 |

പ്രവർത്തനം - 4
പേര് - ഫീൽഡ് ട്രിപ്പ്
ഉപമേഖല - പൈതൃകസ്ഥാപനങ്ങൾ, പ്രാദേശികഇടങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സാമൂഹിക സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്, നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും വായനശാല, പോസ്റ്റ് ഓഫീസ് തുടങ്ങിയ പൈതൃകസ്ഥാപനങ്ങളിലേയ്ക്ക് ഫീൽഡ് ട്രിപ്പ് നടത്തുകയും ചെയ്യുക | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ, PTA | |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം — 1
പേര് - വിവരസാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല - അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് | SITC | |

പ്രവർത്തനം — 2
പേര് - IT ലാബ്
ഉപമേഖല - കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | SITC | |

## പ്രവൃത്തി പരിചയം

പ്രവർത്തനം — 1
പേര് - പ്രവൃത്തി പരിചയ ശില്പശാല
ഉപമേഖല - നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ ഉള്ള കുട്ടികളുടെ കഴിവും വികസിപ്പിക്കുക | പ്രവൃത്തി പരിചയ മേളകളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ | ആഗസ്റ്റ് സെപ്തംബർ | ക്ലാസ് ടീച്ചർ, WE Coordinator | |

# സർഗ്ഗവേദി

പ്രവർത്തനം — 1
പേര് — സർഗവേദി
ഉപമേഖല — പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ<br>നേതൃത്വം വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | വിദ്യാരംഗം കൺവീനർ | |

പ്രവർത്തനം – 2
പേര് — കലാപരമായ മേഖലകളിൽ പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാവരും മികവുള്ളവരാണ് എന്ന ബോധം സൃഷ്ടിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | SRG<br>PTA | |

പ്രവർത്തനം – 3
പേര് — പ്രകടനവേദികൾ
ഉപമേഖല — സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ കഴിവുകൾ whatsapp. Youtube തുടങ്ങിയ സാമൂഹിക മാധ്യമങ്ങളിലൂടെ സമൂഹവുമായി പങ്കുവയ്ക്കുക. | ജൂൺ → മാർച്ച് | PSITC<br>Class Teachers | |

## ആരോഗ്യ - കായിക - വിദ്യാഭ്യാസം

പ്രവർത്തനം — 1
പേര് - കായികാരോഗ്യം
ഉപമേഖല - യോഗ, സുംബ,

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മനസിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഉള്ള് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | യോഗ, സുംബ, | ജൂൺ ↓ മാർച്ച് | HM, Class Teachers, PTA | — |

പ്രവർത്തനം - 2
പേര് - ഹെൽത്ത് ചെക്ക് അപ്പ്
ഉപമേഖല - ആരോഗ്യം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യമെന്ന് ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആരോഗ്യമെന്ന് ഉറപ്പു വരുത്തുന്നതിനായി ആദ്യത്തിൽ ഹെൽത്ത് ചെക്കപ്പ്. | ജൂൺ ↓ സെപ്തംബർ | Health Dept. | — |

പ്രവർത്തനം — 3
പേര് - കായിക വിദ്യാഭ്യാസം - അധ്യാപകശില്പശാല
ഉപമേഖല - അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പിരിയഡിൽ ഫിസിക്കൽ എക്സർസൈസ് ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർമാർക്ക് പരിശീലനം നൽകൽ | ജൂൺ ↓ സെപ്തംബർ | SRG | 1000 |